# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂലൈ 04

# വാർത്താക്കുറിപ്പ്

## എം.ജി. പി.ജി. ഏകജാലകം രണ്ടാം സപ്ലിമെന്ററി അലോട്മെന്റ്

**– ഓപ്ഷനുകൾ ഇന്ന് (ജൂലൈ 5) വൈകീട്ട് അഞ്ചുവരെ പുനക്രമീകരിക്കാം**

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴി ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള രണ്ടാം സപ്ലിമെന്ററി അലോട്മെന്റിന് ഇന്ന് (ജൂലൈ 5) വൈകീട്ട് അഞ്ചുവരെ ഓപ്ഷനുകൾ പുനക്രമീകരിക്കാം. ജൂലൈ എട്ടിന് അലോട്ട്മെന്റ് പ്രസിദ്ധീകരിക്കും. അപേക്ഷകർക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകളിൽ മാറ്റം വരുത്താം. പുതുതായി കോളേജുകളോ, പ്രോഗ്രാമുകളോ കൂട്ടിച്ചേർക്കാൻ സാധിക്കില്ല.

ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് വഴി പ്രവേശനം ലഭിച്ചവർ നിലവിൽ ലഭിച്ച അലോട്മെന്റിൽ തൃപ്തരാണെങ്കിൽ നിലവിലെ ഹയർ ഓപ്ഷനുകൾ 'ഡിലീറ്റ്' ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷൻ ഡിലീറ്റ് ചെയ്യാതിരിക്കുന്നതുമൂലം പ്രോഗ്രാമിലേക്ക്/ കോളേജിലേക്ക് മൂന്നാം അലോട്മെന്റ് ലഭിക്കുന്നപക്ഷം പുതുതായി അലോട്മന്റ് ലഭിച്ച പ്രോഗ്രാമിലേക്ക്/കോളേജിലേക്ക് നിർബന്ധമായും പ്രവേശനം നേടണം. ആദ്യ അലോട്മന്റ് റദ്ദാക്കപ്പെടും. ഒന്നാംസപ്ലിമെന്ററിയിൽ സ്ഥിര പ്രവേശനം നേടിയിട്ടുള്ളവർ ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതില്ല.

(പി.ആർ.ഒ./39/1262/2019)

## എം.ജി. യു.ജി. ഏകജാലകം സപ്ലിമെന്ററി അലോട്മെന്റ്; ഓപ്ഷൻ രജിസ്ട്രേഷൻ ഇന്നു മുതൽ (ജൂലൈ 5)

**– സപ്ലിമെന്ററി അലോട്മെന്റ് ജൂലൈ ഒൻപതിന് പ്രസിദ്ധീകരിക്കും**

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ ബിരുദ പ്രോഗ്രാമുകളിലേക്ക് സപ്ലിമെന്ററി അലോട്മെന്റിനായി ഇന്നു മുതൽ (ജൂലൈ 5) ജൂലൈ ആറു വരെ പുതുതായി ഓപ്ഷൻ നൽകാം. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകർക്കും സപ്ലിമെന്ററി അലോട്മെന്റിൽ പങ്കെടുക്കാം.

അപേക്ഷകർ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്മന്റിനു പരിഗണിക്കപ്പെടാത്തവർക്കും അലോട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസടയ്ക്കാതെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്വേഡും ഉപയോഗിച്ച് cap.mgu.ac.in എന്ന വെബ്സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് പുതുതായി ഓപ്ഷനുകൾ നൽകാം. പുതിയ ആപ്ലിക്കേഷൻ നമ്പർ പിന്നീടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിച്ചുവയ്ക്കണം. ലോഗിൻ ചെയ്ത ശേഷം അപേക്ഷകനു താൻ നേരത്തേ നൽകിയ അപേക്ഷയിലെ തെറ്റുകൾ തിരുത്താം, പുതുതായി ഓപ്ഷനുകൾ നൽകാം.

നിലവിൽ അപേക്ഷ നൽകാത്തവർക്ക് പുതുതായി ഫീസടച്ച് സ്പെഷൽ അലോട്മെന്റിൽ പങ്കെടുക്കാം. സപ്ലിമെന്ററി അലോട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷനുകൾ നൽകണം. ഓപ്ഷനുകൾ നൽകിയ ശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കണം.

അപേക്ഷയുടേയോ ഓപ്ഷനുകളുടെയോ പ്രിന്റ് ഔട്ട് സർവകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരം സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സപ്ലിമെന്ററി അലോട്മെന്റ് ലിസ്റ്റ് ജൂലൈ ഒൻപതിനു പ്രസിദ്ധീകരിക്കും. ഓൺലൈൻ രജിസ്ട്രേഷനായി cap.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. സപ്ലിമെന്ററി അലോട്മെന്റ് സ്പോട് അലോട്മെന്റല്ല.

മുൻ അലോട്മെന്റുകളിലും മാനേജ്മെന്റ്/ കമ്മ്യൂണിറ്റി മെറിറ്റ്/ സ്പോർട്സ്/ കൾച്ചറൽ/ പി ഡി ക്വാട്ടാകളിലെക്ക് സ്ഥിരപ്രവേശം നേടിയവർ സപ്ലിമെന്ററി അലോട്മെന്റിലൂടെ വീണ്ടും ഓപ്ഷനുകൾ നൽകുകയും അലോട്മെന്റ് ലഭിക്കുകയും ചെയ്താൽ പുതുതായി അലോട്മെന്റ് ലഭിക്കുന്ന ഓപ്ഷനിലേക്ക് നിർബന്ധമായും മാറണം. ഇവരുടെ നിലവിലെ പ്രവേശനം റദ്ദാക്കപ്പെടും. സ്ഥിര പ്രവേശനം ലഭിച്ചവർ സ്പെഷൽ അലോട്മെന്റിൽ പങ്കെടുക്കുമ്പോൾ ഓപ്ഷനുകൾ നൽകുന്നതിൽ അതീവ ശ്രദ്ധ പുലർത്തണം.

(പി.ആർ.ഒ./39/1264/2019)

## വൈവാവോസി

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. ഹിന്ദി (സി.എസ്.എസ്.-റഗുലർ/സപ്ലിമെന്ററി/ മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രോജക്ട്, വൈവാവോസി ജൂലൈ 16 മുതൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1265/2019)

നാലാം സെമസ്റ്റർ എം.എസ്സി. സ്റ്റാറ്റിസ്റ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ് അപ്ലൈഡ് (റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) മെയ് 2019 പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയവും വൈവാവോസിയും മാന്നാനം കെ.ഇ. കോളേജിൽ ജൂലൈ ഒൻപതിനും, മൂവാറ്റുപുഴ നിർമല കോളേജിൽ ജൂലൈ 11നും പാലാ സെന്റ് തോമസ് കോളേജിൽ ജൂലൈ 15നും നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ. വിദ്യാർഥികൾ ഹാൾടിക്കറ്റുമായി പരീക്ഷകേന്ദ്രങ്ങളിലെത്തണം.

(പി.ആർ.ഒ./39/1266/2019)

## പരീക്ഷഫലം

2018 ഡിസംബർ, 2019 മെയ് മാസങ്ങളിൽ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ എം.ഫിൽ (ഗാന്ധിയൻ സ്റ്റഡീസ്, ഡെവലപ്മെന്റ് സ്റ്റഡീസ് - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1267/2019)

2019 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്സി. എൻവയോൺമെന്റ് സയൻസ് ആന്റ് മാനേജ്മെന്റ് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 15 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1268/2019)

2019 മാർച്ചിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.വോക്, 2019 ഏപ്രിലിൽ നടന്ന ആറാം സെമസ്റ്റർ ബി.വോക് (2016 അഡ്മിഷൻ റഗുലർ, 2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 15 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1269/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ